പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:169 10/12/2012 - ൽ മറുപടിക്ക്

## മത്സ്യസമൃദ്ധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. റ്റി. ബൽറാം<br>,, പി. എ. മാധവൻ:<br>,, വി. ഡി. സതീശൻ:<br>,, ലൂഡി ലൂയിസ്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്ത് മത്സ്യസമൃദ്ധി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) 2012 ജൂൺ 10-ാം തീയതി തുടക്കം കുറിച്ച മത്സ്യസമൃദ്ധി പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനം വളരെ വിജയകരമായി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ 5000 ഹെക്ടർ ശുദ്ധ ജലാശയങ്ങൾ പദ്ധതിയ്ക്കായി നിശ്ചയിക്കുകയും 5460.343 ഹെക്ടറിൽ നേട്ടം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. 5460.343 ഹെക്ടർ ഏര്യയിൽ 2.79 കോടി മത്സ്യ/ആറ്റു കൊഞ്ച് വിത്ത് നിക്ഷേപിക്കുകയും 49,012 പേർ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. കൃഷിക്കനുയോജ്യമായ ജലാശയങ്ങളുടെ സർവ്വെ, മത്സ്യവിത്ത് നിക്ഷേപം, ഓപ്പൺ വാട്ടർ റാഞ്ചിംഗ്, മത്സ്യകർഷകർക്ക് ട്രെയിനിംഗ്, സെമിനാറുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. അതിലൂടെ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്ന പ്രവർത്തനത്തിന് ആക്കം കൂട്ടാനും കഴിഞ്ഞിട്ടുണ്ട്. 887 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |

വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) | ഉൾനാടൻ മത്സ്യോത്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്ന് 2.5 ലക്ഷം ടണ്ണായി ഉയർത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള മത്സ്യസമൃദ്ധി പദ്ധതി പൂർണ്ണമായി നടപ്പാക്കുന്നതിലൂടെ 67750 ടൺ ശുദ്ധ ജലമത്സ്യം, 6875 ടൺ ശുദ്ധജല കൊഞ്ച്, 7500 ടൺ ചെമ്മീൻ, 9000 ടൺ കല്ലുമ്മേക്കായ, 900 ടൺ ഞണ്ട്, 300 ടൺ കരിമീൻ എന്നിവ അധികമായി ഉത്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പദ്ധതിയിലൂടെ വിവിധ ഇനങ്ങളിലായി 150 ടൺ അധിക ഉല്പാദനവും ലക്ഷ്യമിടുന്നു. ഇതിലൂടെ 451.50 കോടി രൂപ അധിക വരുമാനം ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. കൂടാതെ 20 ലക്ഷം തൊഴിൽ ദിനങ്ങൾ പദ്ധതിയിലൂടെ സൃഷ്ടിക്കപ്പെടുന്നു. |
| (സി) | ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | കുളങ്ങളിലേയും ടാങ്കുകളിലേയും ശുദ്ധജല മത്സ്യകൃഷി, പാടശേഖരങ്ങളിലേയും കോൾ പാടങ്ങളിലേയും മത്സ്യ/ചെമ്മീൻ കൃഷി/സംയോജിത മത്സ്യകൃഷി, പൊക്കാളി/കൈപ്പാട് നിലങ്ങളിലേയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻകൃഷി, കരിമീൻ വിത്തു പരിപാലന വിപണന യൂണിറ്റുകൾ, അടുക്കളകുളങ്ങളിലെ കരിമീൻകൃഷി, കുളത്തിലെ കരിമീൻകൃഷി, കൂടുകളിലെ കരിമീൻകൃഷി, ഞണ്ട്/ |

| | | | |
|---|---|---|---|
| | | | കല്ലുമ്മേക്കായ കൃഷി, പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, ജലകൃഷി സംബന്ധിച്ച സംയോജിത പരിപാലന പരിപാടികൾ. |
| (ഡി) | എവിടെയെല്ലാമാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത് ; | (ഡി) | സംസ്ഥാനത്തെ 14 ജില്ലകളിലും പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 887 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതിയിൽ പങ്കാളികളായിട്ടുണ്ട്. |
| (ഇ) | ഏതെല്ലാം ഏജൻസിയുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്? | (ഇ) | മത്സ്യകർഷക വികസന ഏജൻസികൾ, അഡാക്ക്, നിഫാം എന്നീ ഏജൻസികൾ മുഖേന പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. |

Rajendran (signature)

സെക്ഷൻ ഓഫീസർ